# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2070

07.03.2017 — ൽ മറുപടിക്ക്

### റേഷൻഡിപ്പോകളിലെ തൊഴിലാളികളുടെ തൊഴിൽ ഉറപ്പാക്കാൻ നടപടി

**ചോദ്യം**

**ശ്രീ. ബി.ഡി. ദേവസ്സി:**

(എ) പുതിയ ഭക്ഷ്യനയത്തിന്റെ ഭാഗമായി റേഷൻ ഹോൾസെയിലുകൾ സിവിൽ സപ്ലൈസ് വകുപ്പ് ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ നിലവിലെ ഹോൾസെയിൽ ഡിപ്പോകളിലെ തൊഴിലാളികളുടെ തൊഴിൽ നഷ്ടപ്പെടാവുന്ന സാഹചര്യം ഉണ്ടാകുമോ;

(സി) നിലവിലെ തൊഴിലാളികളുടെ തൊഴിൽ ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാമോ;

(ഡി) ഇതു സംബന്ധിച്ച ചാലക്കുടി ടൗൺ ചുമട്ടു തൊഴിലാളി യൂണിയനിലെ തൊഴിലാളികളുടെ അപേക്ഷയിൽ അനുകൂല നടപടികൾ സ്വീകരിക്കാമോ ?

**ഉത്തരം**

**ശ്രീ. പി. തിലോത്തമൻ**
**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി)**

(എ) യും (ബി) യും (സി) യും (ഡി) യും ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം അനുശാസിക്കുന്ന രീതിയിലുള്ള വാതിൽപ്പടി വിതരണം നടപ്പാക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള മൊത്തവിതരണ ശാലകൾക്ക് പകരമായി 75 താലൂക്ക് ഡിപ്പോകൾ സർക്കാരിന്റെ അധീനതയിൽ ആരംഭിക്കുവാൻ തീരുമാനിച്ചു. ഇതിനായി മാനന്തവാടി, ഇരിട്ടി എന്നീ താലൂക്കുകൾ ഒഴിച്ചുള്ള എല്ലാ താലൂക്കുകളിലും ഗോഡൗൺ കണ്ടെത്തുകയുണ്ടായി. സപ്ലൈകോയെയാണ് ഇതിനായി ചുമതലപ്പെടുത്തിയിട്ടുള്ളത്. താലൂക്ക് ഡിപ്പോകൾ ആരംഭിക്കുമ്പോൾ മൊത്ത വിതരണ ശാലയിലെ തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടും എന്ന ആശങ്ക സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഭക്ഷ്യ ഭദ്രതാ നിയമം പൂർണ്ണമായും സംസ്ഥാനത്ത് നടപ്പിലാക്കി കഴിയുമ്പോൾ ഇത്തരത്തിൽ തൊഴിൽ നഷ്ടപ്പെടുന്ന തൊഴിലാളികളുടെ ആവശ്യങ്ങൾ അനുഭാവപൂർവ്വം പരിഗണിക്കാവുന്നതാണ്.

*സെക്ഷൻ ഓഫീസർ*